**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5698** **16-03-2023 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ എസ്.പി.സി. യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.) യൂണിറ്റുകൾക്ക് ട്രെയിനിംഗ് നൽകുന്നതിനായി പ്രത്യേക ഹോം ഗാർഡുകളുടെ സേവനം പ്രയോജനപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; അർഹതപ്പെട്ട പല സ്കൂളുകൾക്കും പരിശീലകരില്ല എന്ന കാരണത്താൽ എസ്.പി.സി. യൂണിറ്റുകൾ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി .സി .) യൂണിറ്റുകൾക്ക് ട്രെയിനിംഗ് നൽകുന്നതിനായി പ്രത്യേക ഹോം ഗാർഡുകളുടെ സേവനം പ്രയോജനപ്പെടുത്താൻ നിലവിൽ തീരുമാനിച്ചിട്ടില്ല. അർഹതപ്പെ ട്ട പല സ്കൂളുകൾക്കും പരിശീലകരില്ല എന്ന കാരണത്താൽ എസ്.പി .സി . യൂണിറ്റുകൾ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് പുതിയ എസ്.പി.സി. യൂണിറ്റുകൾക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ ഗവൺമെന്റ് ഗേൾസ്സ്കൂ ൾ ബാലുശ്ശേരി എന്ന സ്കൂളിൽ നിന്നും അപേക്ഷ ലഭിച്ചി രു ന്നു . എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ എസ്.പി .സി . യൂണിറ്റുകൾ അനുവദിക്കുന്നതിനായി അപേക്ഷ സ്വീകരിക്കുന്നതിന് നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത അപേക്ഷ പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ